**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2686** **02-08-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ കൃഷിക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ വില്ലേജിൽ ഉൾപ്പെടുന്ന മണികണ്ടംചാൽ, കല്ലേലിമേട് എന്നീ പ്രദേശങ്ങളിൽ 01.01.1977-ന് മുൻപ് കുടിയേറി താമസിച്ചിട്ടുള്ള കൃഷിക്കാർക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | (എ) ഉണ്ട് |
| (ബി) | റീസർവ്വേയ്ക്ക് ശേഷം തയ്യാറാക്കിയ ലിത്തോ മാപ്പിൽ പ്രസ്തുത പ്രദേശങ്ങൾ ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | (ബി) ഉണ്ട് |
| (സി) | പ്രസ്തുത പ്രദേശങ്ങളിൽ ഒരു ട്രൈബൽ കുടുംബം പോലും അധിവസിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | (സി) ഉണ്ട് |
| (ഡി) | 01.01.1977-ന് മുൻപ് കുടിയേറി കൃഷി ചെയ്ത് താമസിച്ച് വരുന്ന മേൽ പ്രദേശങ്ങളിലെ താമസക്കാർക്ക് ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതാണ് പട്ടയം നൽകുവാനുള്ള തടസ്സം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | (ഡി) ഉണ്ട് |
| (ഇ) | മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ഒഴിവാക്കി ഇവർക്ക് പട്ടയം ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | (ഇ) കല്ലേലിമേട് -മണികണ്ടൻചാൽ പ്രദേശങ്ങൾ 1984-ലെ വനം-റവന്യൂ സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥലങ്ങൾ ആയതിനാൽ വനഭൂമി സ്പെഷ്യൽ പതിവ് ചട്ടം പ്രകാരമാണ് പതിച്ച് നൽകേണ്ടത്. വനഭൂമി പതിവ് ചട്ടം സെക്ഷൻ 5 പ്രകാരം 01.01.1977 ന് മുൻപ് പട്ടിക വർഗ്ഗത്തിൽപ്പെട്ട വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലും ഉള്ളതും പിന്നീട് പട്ടിക വർഗ്ഗക്കാരനല്ലാത്ത ഒരു വ്യക്തിയ്ക്ക് കൈമാറിയിട്ടുള്ളതുമായ ഭൂമിയിൽ പട്ടിക വർഗ്ഗക്കാരനല്ലാത്ത വ്യക്തി 01.01.1977-ന് മുൻപ് കുടിയേറിയിട്ടുള്ളതാണെങ്കിൽ പോലും അയാൾക്ക് ആ ഭൂമി പതിച്ച് നൽകാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | എറണാകുളം ഉൾപ്പെടെയുള്ള ജില്ലകളിലെ ' ഹിൽമെൻ സെറ്റിൽമെന്റ് ' എന്ന് രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങൾ പതിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് 02.06.2020 തീയതിയിലെ സ.ഉ (സാധാ)2020/2020/റവന്യൂ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ